(എഫ്) കെ. എസ്. ആർ. ഉം ശമ്പള കമ്മീഷൻ ഉത്തരവുകളും ഗവൺമെന്റ് ഉത്തരവുകളും അനുസരിച്ചുള്ള പ്രതിമാസ യാത്രാബത്ത (ടി.എ/ ഡി.എ) 9/99 മുതൽ എം. എസ്. പി. ബറ്റാലിയനിലെ എ. പി. എസ്. ഐ. മാർക്ക് മുൻകാല പ്രാബല്യത്തോടുകൂടി കുടിശ്ശിക സഹിതം അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രതിമാസം പരമാവധി 800 രൂപ വരെ യാത്രാബത്ത നൽകാറുണ്ട്. ഡി. എ. 60 രൂപ.

(ബി) എല്ലാ ബറ്റാലിയനുകളിലും ഒരേ മാനദണ്ഡത്തിലാണ് ടി.എ/ ഡി.എ നൽകുന്നത്. ഡ്യൂട്ടിക്കായി ചെയ്ത യാത്രയുടെ അടിസ്ഥാനത്തിലാണ് ഓരോ ഉദ്യോഗസ്ഥരും പ്രസ്തുത തുക നൽകുന്നത് ;

(സി) എല്ലാ ബറ്റാലിയനുകളിലുള്ളവർക്കും ഒരേ മാനദണ്ഡം അനുസരിച്ചാണ് യാത്രാബത്ത (ടി.എ/ഡി.എ) നൽകുന്നത്. ഡിപ്പാർട്ടുമെന്റിൽ വാഹനം ഉപയോഗിച്ച് യാത്ര ചെയ്യുമ്പോൾ റ്റി.എ. യിൽ 50 ശതമാനം കുറവു വരുന്നതാണ്.

(ഡി & ഇ) മുകളിൽ 'സി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എല്ലാ ബറ്റാലിയനിലുള്ളവർക്കും ഒരേ മാനദണ്ഡമനുസരിച്ചാണ് യാത്രാബത്ത അനുവദിച്ച് നൽകി വരുന്നത്. എന്നാൽ ഒരിക്കൽ വാങ്ങിയ യാത്രപ്പടിക്ക് കുടിശ്ശിക നൽകാൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

കേരളത്തിനു വെളിയിൽ പരിശീലനത്തിനയച്ച ഉദ്യോഗസ്ഥർ

126 (1061) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ ജയിൽ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ കേരളത്തിന് വെളിയിൽ പരിശീലനത്തിനു വേണ്ടിയോ പുതിയ കോഴ്സുകൾക്കു വേണ്ടിയോ അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരു വിവരവും തസ്തികയും എവിടെ എന്തു ട്രെയിനിംഗിന് അഥവാ കോഴ്സിനാണ് അയച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(സി) റിട്ടയർ ചെയ്യാൻ രണ്ടു വർഷമോ അതിൽ കുറവോ ഉള്ള ഉദ്യോഗസ്ഥരെ പരിശീലനങ്ങൾക്കും കോഴ്സിനും അയയ്ക്കേണ്ടതില്ല എന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ടോ ; പ്രസ്തുത നിർദ്ദേശം പാലിച്ചു കൊണ്ടാണോ പ്രസ്തുത ഉദ്യോഗസ്ഥരെ പരിശീലനത്തിന് അയച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇവരെ പരിശീലനത്തിനയച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) 2000-2001 ട്രെയിനിംഗിനോ പുതിയ കോഴ്സുകൾക്കോ അയക്കപ്പെട്ടവരിൽ റിട്ടയർ ചെയ്യുന്നതിന് രണ്ടു വർഷത്തിൽ താഴെ മാത്രം കാലാവധിയുള്ള ജയിൽ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ശ്രീ. എൻ. വിജയൻ, പ്രോഗ്രാം ഓഫീസർ.

2. ശ്രീ. എൻ. എസ്. ബാലകൃഷ്ണൻ, സൂപ്രണ്ട്, സെൻട്രൽ പ്രിസൺ, വിയ്യൂർ എന്നിവർ ഡൽഹിയിൽ വച്ച് 15-1-2001 മുതൽ 19-1-2001 വരെ നടന്ന "107 കോഴ്സ് ഓൺ ക്രിമിനോളജി" എന്ന കോഴ്സിൽ പങ്കെടുത്തിട്ടുണ്ട്.

3. ശ്രീ. ബദറുദ്ദീൻ, (ഡെപ്യൂട്ടി സൂപ്രണ്ട്, ഓപ്പൺ പ്രിസൺ, സെട്ടുകാൽത്തേരി) പോണ്ടിച്ചേരിയിൽ വച്ച് 8-1-2001 മുതൽ 13-1-2001 വരെ നടന്ന "ഹ്യൂമൺ റിസോഴ്സ് ഡവലപ്പ്മെന്റ് ഇൻ ഇൻഡ്യൻ പ്രിസൺസ് ത്രൂ വെർട്ടിക്കൽ ഇന്ററാക്ഷൻ കോഴ്സ് ഫോർ പ്രിസൺ ഓഫീസേഴ്സ്" എന്ന ട്രെയിനിംഗ് പ്രോഗ്രാമിലും പങ്കെടുത്തിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 1-10-1999-ലെ സർക്കുലർ നമ്പർ 17964/ഇ1/98/ഉഭപവ പ്രകാരം 50 വയസ്സ് കഴിഞ്ഞ സർക്കാർ ഉദ്യോഗസ്ഥരെ വിദേശത്തേയ്ക്ക് ട്രെയിനിംഗിനും, കോഴ്സിനും അയക്കേണ്ടതില്ല എന്ന നിർദ്ദേശം നിലവിലുണ്ട്.

(ഡി) ജയിൽ അന്തേവാസികളുടെ ശിക്ഷാ നിർവഹണത്തിനും ക്ഷേമത്തിനും പര്യാപ്തമായ പദ്ധതികൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി അത് അംഗീകാരത്തിന് സമർപ്പിക്കുന്നതും പ്രോഗ്രാം ആഫീസറാണ്. ഈ ഉദ്യോഗസ്ഥന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കാൻ ഇപ്പോൾ നൽകിയ പരിശീലനം ആവശ്യമാണ്. ജയിൽ സൂപ്രണ്ടുമാരായ മറ്റു രണ്ടുപേർക്കും അവരുടെ കൃത്യ നിർവഹണത്തിന് ഈ പരിശീലനം സഹായകരമാണ്.

(ഇ) ശ്രീ. എൻ. വിജയൻ, പ്രോഗ്രാം ഓഫീസർ, ജയിൽ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം.

പോലീസ് സേനയെ നവീകരിക്കുവാൻ നടപടി

127 (1062) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ നവീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly